## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2924** — **22-01-2021 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ മദ്യ വിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri. T. P . Ramakrishnan**<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന മാസം സംസ്ഥാനത്തെ മദ്യ വിൽപ്പന എത്ര ലിറ്ററായിരുന്നുവെന്നും ഈ ഇനത്തിൽ സർക്കാരിന് കിട്ടിയ വരുമാനം എത്രയായിരുന്നുവെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന 2016 മേയ് മാസം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വെയർഹൗസുകൾ വഴിയും ചില്ലറവിൽപ്പനശാലകൾ വഴിയും ആയി 1.61 കോടി ലിറ്റർ വിദേശമദ്യവും 1.22 കോടി ലിറ്റർ ബിയറും വിൽപ്പന നടത്തിയിട്ടുണ്ട്. ഇതു വഴി കോർപ്പറേഷന്റെ വിറ്റു വരവ് 1055 കോടി രൂപയും, ഇതിൽ 879 കോടി രൂപ വിവിധ നികുതിയിനങ്ങളിലായി സംസ്ഥാന ഖജനാവിലേയ്ക്ക് നൽകിയിട്ടുള്ളതുമാണ്. |
| (ബി) | ഈ കാലയളവിൽ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (ബി) | 2016 മേയ് മാസം കേരളത്തിൽ 29 ബാറുകൾ പ്രവർത്തിച്ചിരുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 06 കൊല്ലം - 02 പത്തനംതിട്ട - ഇല്ല ആലപ്പുഴ - 02 കോട്ടയം - 02 ഇടുക്കി - ഇല്ല എറണാകുളം - 12 തൃശ്ശൂർ - 01 പാലക്കാട് - ഇല്ല മലപ്പുറം - 01 കോഴിക്കോട് - 01 വയനാട് - 01 കണ്ണൂർ - ഇല്ല കാസർഗോഡ് - 01 ആകെ - 29 |
| (സി) | 2020 ഡിസംബർ മാസം സംസ്ഥാനത്തെ മദ്യ വിൽപ്പന എത്രയായിരുന്നുവെന്നും ഈ ഇനത്തിൽ സർക്കാരിന് കിട്ടിയ വരുമാനം എത്രയായിരുന്നുവെന്നും വിശദമാക്കാമോ; | (സി) | 2020 ഡിസംബർ മാസം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള എഫ്.എൽ 9 വെയർഹൗസുകളും എഫ്.എൽ-1 ചില്ലറവിൽപ്പനശാലകളും വഴി 1498.45 കോടി രൂപയുടെ മദ്യം വിൽപ്പന നടത്തിയിട്ടുണ്ട്. ഇതിൽ 1315.10 കോടി രൂപ വിവിധ നികുതിയിനങ്ങളിലായി സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്. |
| (ഡി) | ഇപ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ? | (ഡി) | ഇപ്പോൾ സംസ്ഥാനത്ത് 619 ബാറുകൾ പ്രവർത്തിക്കുന്നു. മുൻ സർക്കാരിന്റെ കാലത്ത് 2014-15 വർഷത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 748 ബാർ ഹോട്ടലുകളിൽ പ്രസ്തുത സമയത്തെ അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചനക്ഷത്ര നിലവാരമുള്ള 29 എണ്ണത്തിന്റെ ഒഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ |

| | | | |
|---|---|---|---|
| | | | റദ്ദുചെയ്ത് ബിയർ/ വൈൻ പാർലർ ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. ഇപ്രകാരം ബിയർ/ വൈൻ പാർലർ ലൈസൻസ് ഉണ്ടായിരുന്ന ഹോട്ടലുകളിൽ പുതുക്കിയ അബ്കാരി പോളിസിയിലെ വ്യവസ്ഥകൾക്ക് വിധേയമായി ബാർ ലൈസൻസ് പുതുക്കി നൽകിയ 407 എണ്ണം ഉൾപ്പെടെയാണ് സംസ്ഥാനത്ത് ആകെ 619 ബാറുകൾ പ്രവർത്തിക്കുന്നത് . ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 60 കൊല്ലം - 52 പത്തനംതിട്ട – 20 ആലപ്പുഴ – 37 കോട്ടയം - 54 ഇടുക്കി - 23 എറണാകുളം - 147 തൃശ്ശൂർ - 81 പാലക്കാട് - 38 മലപ്പുറം - 25 കോഴിക്കോട് - 34 വയനാട് - 09 കണ്ണൂർ- 30 കാസർഗോഡ് - 09 ആകെ - 619 |

സെക്ഷൻ ഓഫീസർ